KERALA INSTITUTE OF LOCAL ADMINISTRATION
An autonomous body constituted by the Government of Kerala
Mulamkunnathukavu P.O., Thrissur - 680581, Kerala, India

Phone (Office) : +91 487 - 2207000
Fax : +91 487 - 2201062
Email : info@kila.ac.in
Website : www.kila.ac.in

**ഡോ. ജോയ് ഇളമൺ**
**ഡയറക്ടർ**

നമ്പർ : 2018/101/1409 19.03.2018

പ്രിയ പ്രസിഡന്റ്,

വേനൽ വരവായി. മുൻകാലങ്ങളെ അപേക്ഷിച്ച് വർഷം തോറും ചൂട് കഠിനമായിക്കൊണ്ടിരിക്കുന്നു. അത്യുഷ്ണവും താപക്കാറ്റും ജീവിതത്തിന്റെ വിവിധ മേഖലകളിൽ ആഘാതമേല്പിക്കുന്ന കഥകളാണ് കഴിഞ്ഞ ചില വർഷങ്ങളായി നാം കേൾക്കുന്നത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ വിവിധ മുഖങ്ങളിലൊന്നാണ് വ്യക്തമാക്കപ്പെട്ടു വരുന്നത്.

ആരോഗ്യം, കൃഷി, മൃഗസംരക്ഷണം തുടങ്ങിയ മേഖലകളിൽ അത്യുഷ്ണവും താപക്കാറ്റുമെല്ലാം ഏറെ പ്രത്യാഘാതങ്ങളാണ് സൃഷ്ടിക്കുന്നത്. ഇത്തരം ഘട്ടങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തവും സാദ്ധ്യതകളും വളരെ ഏറെയാണ്. ഇവയെക്കുറിച്ച് മനസ്സിലാക്കുവാനും തുടർ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുവാനുമായി 'ചൂടിനെ നേരിടാൻ' എന്ന സെമിനാറും ശില്പശാലയും കില സംഘടിപ്പിക്കുകയാണ്. വരും മാസങ്ങളിലായി സംഘടിപ്പിക്കുന്ന 'കാലാവസ്ഥാ വ്യതിയാനവും തദ്ദേശഭരണ സ്ഥാപനങ്ങളും' എന്ന സെമിനാർ-ശില്പശാല ശൃംഖലയിലെ ആദ്യ പരിപാടിയാണ് ചൂടിനെ അധികരിച്ച് **2018 ഏപ്രിൽ 5-ാം തീയതി രാവിലെ കൃത്യം 10 മണി മുതൽ വൈകിട്ട് 5 മണി വരെ തൃശ്ശൂർ മുളങ്കുന്നത്തുകാവിലെ കില** ക്യാമ്പസിൽ സംഘടിപ്പിക്കുന്നത്.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, വിവിധ വിഷയമേഖലകളിലായുള്ള നിർവ്വഹണോദ്യോഗസ്ഥർ അടക്കമുള്ള ഉദ്യോഗസ്ഥർ എന്നിവരാണ് ഈ സെമിനാർ-ശില്പശാലയിൽ പങ്കെടുക്കുക.

കേരളത്തിനു പുറത്തുനിന്നുള്ള വിദഗ്ധരും വിഷയാവതരണത്തിനുണ്ടാകുമെന്നതിനാൽ ഇംഗ്ലീഷിലും മലയാളത്തിലുമായാണ് സെമിനാർ. വിവർത്തനമുണ്ടാകും.

പ്രസ്തുത സെമിനാർ-ശില്പശാലയിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ **2018 മാർച്ച് 27 നകം** കിലയിൽ വിവരമറിയിച്ച് രജിസ്റ്റർ ചെയ്യണം. ഒരു തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് പരമാവധി **രണ്ട് പേർക്കു മാത്രമേ രജിസ്റ്റർ ചെയ്യാനാവൂ.**

താങ്കളുടെ തദ്ദേശഭരണ സ്ഥാപനത്തിലെ മറ്റു ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും (വിശിഷ്യാ ആരോഗ്യം, കൃഷി, മൃഗസംരക്ഷണം തുടങ്ങിയ വിഷയമേഖലകളിലെ നിർവ്വഹണോദ്യോഗസ്ഥർ) വിവരമറിയിക്കുമല്ലോ.

സസ്നേഹം,

ജോയ് ഇളമൺ

സ്വീകർത്താവ്:
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ & സെക്രട്ടറിമാർ

**കുറിപ്പ് :** രജിസ്റ്റർ ചെയ്യാൻ info@kila.ac.in എന്ന e-mail വിലാസത്തിലേക്ക് കത്തയക്കുകയോ, 8086778715 നമ്പറിൽ SMS അയക്കുകയോ ചെയ്യുക. (പേര്, സ്ഥാനം, തദ്ദേശഭരണ സ്ഥാപനം, ജില്ല എന്നിവ വ്യക്തമാക്കണം).